ബന്ധപ്പെട്ട തസ്തികയുടെ വെരിഫിക്കേഷന് ഹാജരാക്കണമെന്നും വ്യവസ്ഥ ചെയ്യുന്നതിന് ബന്ധപ്പെട്ട ചട്ടത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### റവന്യൂ വകുപ്പിലെ ജോലി ഭാരവും സ്ഥാനക്കയറ്റ മുരടിപ്പും

34 (3061) ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലി ഭാരവും സ്ഥാനക്കയറ്റ മുരടിപ്പുംകൊണ്ട് റവന്യൂ വകുപ്പിലെ ജീവനക്കാർ നേരിടുന്ന മാനസിക-സാമൂഹിക പ്രശ്നങ്ങൾ പി.&എ.ആർ.ഡി. പഠനവിധേയമാക്കിയിട്ടുണ്ടോ?

ഇല്ല. വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം സംബന്ധിച്ച് പി.&എ.ആർ.ഡി. പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

(ബി) സാമ്പത്തിക ബാദ്ധ്യതയില്ലാതെ വില്ലേജ് ഓഫീസർമാരായി 5 വർഷവും ആകെ റവന്യൂ സർവ്വീസ് 18 വർഷവും പൂർത്തിയായ വില്ലേജ് ഓഫീസർമാരെ ജൂനിയർ സൂപ്രണ്ട്/ഡെപ്യൂട്ടി തഹസിൽദാർമാരായും അതിന് മുകളിൽ സീനിയോറിറ്റിയുള്ള നിലവിലെ ഡെപ്യൂട്ടി തഹസിൽദാർമാരെ ഡെപ്യൂട്ടി തഹസിൽദാർ (ഹയർ ഗ്രേഡ്) എന്ന് പുനർനാമകരണം ചെയ്യുന്നതിനെക്കുറിച്ചും പഠിക്കുവാൻ സമിതിയെ നിയോഗിക്കുവാൻ തയ്യാറാകുമോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

### അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ സർക്കാർ ജീവനക്കാരുടെ ട്രാൻസ്ഫർ

35 (3062) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ സർക്കാർ ജീവനക്കാരെ മറ്റ് ജില്ലകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) ചികിത്സാ സൗകര്യാർത്ഥം പ്രസ്തുത ജീവനക്കാർക്ക് അവർ ആവശ്യപ്പെടുന്ന ജില്ലയിൽ തന്നെ ജോലി ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനും നിയമനത്തിനുമായുള്ള പൊതുമാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അടങ്ങിയ 25-2-2017-ലെ സ.ഉ.(പി)നമ്പർ 03/2017/ഉ.ഭ.പ.വ. നമ്പർ ഉത്തരവ് പ്രകാരം

LIBRARY ARCHIVES Kerala Legislative Assembly